**ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപത**

**ഇടയലേഖനം 16** **19/11/2022**

## ആരാധനക്രമം: മിശിഹായെ കണ്ടുമുട്ടാനും അവനോട് ഒന്നായിച്ചേരാനും

ദൈവപരിപാലനയിൽ ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതയുടെ മെത്രാനായ മാർ ജോസഫ് സ്രാമ്പിക്കൽ തന്റെ രൂപതയിലെ വൈദികർക്കും മ്ശംശാനാമാർക്കും സന്യാസിനീസന്യാസികൾക്കും വിശ്വാസികൾ ഏവർക്കും എഴുതുന്നത്.

മംഗളവാർത്താക്കാലം ഓന്നാം ഞായറാഴ്ച്ചയോടെ പുതിയ ആരാധനാവത്സരത്തിലേക്ക് നമ്മൾ പ്രവേശിക്കുന്നു. ഉണ്ണി മിശിഹായുടെ തിരുപ്പിറവിയെ കുറിച്ചുള്ള പുണ്യപ്പെട്ട ഓർമ്മ നമ്മിൽ സന്തോഷം നിറയ്ക്കുന്നു. മംഗളവാർത്താക്കാലത്തിൻറെ സ്നേഹോഷ്മളമായ ആശംസകൾ എല്ലാവർക്കും നേരുന്നു.

നമ്മുടെ രൂപതയുടെ പ്രാരംഭ ഘട്ടത്തിൽ ആദ്യ പഞ്ചവത്സര അജപാലന പദ്ധതി 'Living Stones' (2017-2022) നാം തയ്യാറാക്കി. അതനുസരിച്ച് നിങ്ങൾ നൽകിയതും നൽകുന്നതുമായ എല്ലാ സഹായസഹകരണങ്ങൾക്കും ഞാൻ നന്ദി പറയുന്നു. അന്ന് വിഭാവനം ചെയ്ത രീതിയിൽ എല്ലാ കാര്യങ്ങളും അവയുടെ പൂർണ്ണതയിൽ നടക്കുന്നു എന്ന് പറയാനാകില്ലെങ്കിലും കുറേയേറെ കാര്യങ്ങൾ നമുക്ക് യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞു. നമ്മുടെ രൂപതയുടെ ശൈശവാവസ്ഥയുടെ സ്വാഭാവിക പരിമിതികളും കോവിഡ് മഹാമാരിയും നമുക്ക് വിപരീത ഘടകങ്ങളായിരുന്നു. എങ്കിലും രൂപതയ്ക്ക് ശക്തമായ അടിത്തറയാകുവാനും മുന്നോട്ട് കുതിക്കാനുള്ള ഊർജ്ജം സമാഹരിക്കുവാനും അതിലൂടെ സാധിച്ചു എന്നതിൽ സംശയമൊന്നുമില്ല. ആ പദ്ധതിയുടെ ലക്ഷ്യങ്ങൾ അതിന്റെ പൂർണ്ണതയിൽ എത്തിക്കാൻ നമ്മുക്ക് തുടർന്നും പരിശ്രമിക്കാം.

പുതിയ ആരാധനാവത്സരത്തിന്റെ തുടക്കത്തിൽ, 'പരിശുദ്ധൻ പരിശുദ്ധർക്ക്' (*കുദ്ശേ ല് കന്ദീശേ*) എന്ന രണ്ടാം പഞ്ചവത്സര അജപാലനപദ്ധതിക്ക് നാം ആരംഭം കുറിക്കുകയാണ്. ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മികത, ശിക്ഷണക്രമം, സംസ്കാരം എന്നിവയിൽ കേന്ദ്രീകൃതമായതാണ് ഈ അജപാലന പദ്ധതി. അതിൻപ്രകാരം 2022 നവംബർ 27 ന് ആരംഭിക്കുന്ന ആദ്യഘട്ടത്തിൽ നമ്മൾ വിചിന്തന വിഷയമായി തിരഞ്ഞെടുത്തിരിക്കുന്നത് ആരാധനക്രമമാണ്.

സഭയിൽ മുഖ്യസ്ഥാനം ആരാധനക്രമ(ലിറ്റർജി)ത്തിനാണ്. വിശ്വാസത്തിൻറെ ആഘോഷമായ ആരാധനക്രമമാണ് ഓരോ സഭയുടെയും വ്യക്തിത്വത്തിന്റെയും തനിമയുടെയും മുഖ്യഘടകം. ആരാധനാ ജീവിതത്തിന്റെ സഭാത്മകക്രമീകരണമാണ് ആരാധനാവത്സരം. ഓരോ സഭയുടെയും ആരാധനാവത്സരമനുസരിച്ച് അജപാലന പദ്ധതിക്ക് രൂപം കൊടുക്കണമെന്നാണ് സഭയുടെ പ്രബോധനം. നമ്മുടെ ഭക്താനുഷ്ഠാനങ്ങളും പ്രാർത്ഥനാ ജീവിതം മുഴുവനും ആരാധനാവത്സര ചൈതന്യത്തിനനുസൃതമായിരിക്കണം. ലിറ്റർജിയുടെ മുഖ്യഘടകങ്ങളായ വിശുദ്ധ കുർബാനയ്ക്കും ഇതര കൂദാശകൾക്കും കൂദാശാനുകരണങ്ങൾക്കും യാമപ്രാർത്ഥനകൾക്കും ആയിരിക്കണം പ്രധാന സ്ഥാനം നൽകേണ്ടത്. വിശ്വാസികളെ ആരാധനക്രമത്തിലേക്ക് ആനയിക്കുന്നതായിരിക്കണം മറ്റ് ഭക്താനുഷ്ഠാനങ്ങൾ. ആരാധനക്രമം ദൈവത്തിൻറെ പ്രവർത്തിയും ഭക്താനുഷ്ഠാനങ്ങൾ മനുഷ്യരുടെ പ്രവർത്തികളുമാണ്. ഭക്താനുഷ്ഠാനങ്ങൾ വ്യക്തിപരമാണ്; ആരാധനക്രമമാകട്ടെ, മിശിഹാ ശിരസും വിശ്വാസികൾ ശരീരവുമായ, സഭയുടെ പ്രവർത്തിയും. ആരാധനക്രമത്തിന്റെ ഈ സഭാത്മകമാനംകൊണ്ടാണ് അതിൽ ഏന്തെങ്കിലും കൂട്ടിച്ചേർക്കാനോ വിട്ടുകളയാനോ മാറ്റം വരുത്താനോ ഒരു വ്യക്തിക്കും അനുവാദം ഇല്ലാത്തത് .

മിശിഹായുമായുള്ള കണ്ടുമുട്ടലും അവനോട് ഒന്നായിച്ചേരലുമാണ് ആരാധന ക്രമത്തിൽ സംഭവിക്കുന്നത്. ഫ്രാൻസിസ് പാപ്പ ഇപ്രകാരം പറയുന്നു "Christian faith is either an encounter with Him alive, or it does not exist" (*Desiderio Desideravi* 10). മാമ്മോദിസായിൽ സംഭവിക്കുന്നത് ഈശോമിശിഹായുമായു

ള്ള ആദ്യ കണ്ടുമുട്ടലാണെങ്കിൽ അവിടുത്തെ പെസഹാരഹസ്യത്തിന്റെ ശക്തി നമ്മിലേക്ക് പ്രവഹിക്കുവാൻ മറ്റ് കൂദാശകൾ, പ്രത്യേകിച്ച് പരിശുദ്ധ കുർബാന ഇടയാക്കുന്നു. ഈ കണ്ടുമുട്ടൽ മിശിഹായുടെ ശരീരമായ സഭയിലും സഭയിലൂടെയുമാണ് സംഭവിക്കുന്നത്. പുതുതായി മാമ്മോദിസ മുക്കപ്പെടുന്ന വ്യക്തി ആ കൂദാശ വഴി സഭാ കൂട്ടായ്മയിലേക്ക്, ഇതുവരെ ഈശോമിശിഹായെ കണ്ടുമുട്ടിയ വിശ്വാസികളുടെ ഗണത്തിലേക്ക് ചേർക്കപ്പെടുന്നു. ഈ ശ്ലൈഹിക കൂട്ടായ്മയിലാണ് - സഭയിലാണ് - പരിശുദ്ധ റൂഹായെ ലഭിക്കുന്നതും, ദൈവജനം പരിപോഷിപ്പിക്കപ്പെടുന്നതും, യാമപ്രാർത്ഥനകൾ വഴി സഭാ ഗാത്രം അഭിവൃദ്ധി പ്രാപിക്കുന്നതും. ഈ കൂട്ടായ്മയിൽ തന്നെയാണ് സ്വർഗരാജ്യ പ്രവേശനത്തിനായി കബറിടങ്ങളിൽ വിശ്വാസികൾ വിശ്രമിക്കുന്നതും.

രൂപതയിൽ എല്ലാവർക്കും ശരിയായ ആരാധനക്രമ പരിശീലനം തുടർച്ചയായി നൽകേണ്ടതുണ്ട്. ഇത് സംബന്ധിച്ച് രൂപതയിൽ നിന്ന് നൽകുന്ന നിർദ്ദേശങ്ങൾ വൈദികർ അറിഞ്ഞിരിക്കുകയും ഇടവക തലത്തിൽ വിശ്വാസികൾക്ക് പരിശീലനം നൽകുകയും വേണം. ശരിയായിട്ടുള്ള ആരാധനാക്രമപരികർമ്മമാണ് പ്രഥമമായിട്ടുള്ള ആരാധനക്രമ പരിശീലനം. ആരാധനക്രമത്തെ കുറിച്ചുള്ള പുസ്തകങ്ങൾ ലേഖനങ്ങൾ എന്നിവ വായിക്കുകയും ചർച്ചക്ക് ഉപയോഗിക്കുകയും ആരാധനയെ സംബന്ധിച്ച ആധികാരിക പഠനങ്ങൾ നൽകുന്ന നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്താനും നമുക്ക് കഴിയട്ടെ. എല്ലാ വിഭാഗത്തിലും പെട്ടവർക്ക് ഉചിതമായ ആരാധനക്രമ പരിശീലനം യഥാവസരം നൽകുന്നതിനും അങ്ങനെ രൂപതാ സമൂഹത്തെ ഒരു മാതൃകാ ആരാധനാ സമൂഹമാക്കുന്നതിനുമാണ് പഞ്ചവത്സര അജപാലന പദ്ധതിയുടെ ആദ്യഘട്ടത്തിൽ നാം പരിശ്രമിക്കുന്നത്.

പ്രിയ സഹോദരങ്ങളെ, നമ്മുടെ സഭയുടെ യഥാർത്ഥ മുഖം പ്രകാശിതമാകുന്നത് ആരാധനക്രമം അവികലമായി ആഘോഷിക്കപ്പെടുമ്പോഴും സംരക്ഷിക്കപ്പെടുമ്പോഴുമാണ്. ഈ കടമയിലും കർത്തവ്യത്തിലും നമ്മുടെ രൂപതയ്ക്ക് വളരെയേറെ ചെയ്യാനുണ്ട്. അതിനു നമ്മെ ഒരുക്കി വളർത്തുന്നതാകട്ടെ നമ്മുടെ രണ്ടാം പഞ്ചവത്സര അജപാലന പദ്ധതി.

**മംഗളവാർത്താക്കാലത്ത് പ്രത്യേകം ശ്രദ്ധിക്കേണ്ട ആചരണങ്ങൾ**

ഡിസംബർ ഒന്നിന് ആരംഭിക്കുന്ന 25 നോമ്പ് സുകൃതാനുഷ്ഠാനങ്ങളോടും ത്യാഗാരൂപിയോടും കൂടെ ആചരിക്കുക. വീടുകളിൽ നോമ്പിനെ പറ്റി സംസാരിക്കുക. നോമ്പ് എടുക്കാൻ പരസ്പരം പ്രോത്സാഹിപ്പിക്കുക. കുട്ടികൾക്കായി ഓരോ ദിവസവും അനുവർത്തിക്കാൻ ഉതകുന്ന ത്യാഗപ്രവർത്തികൾ നിശ്ചയിച്ച് നൽകുക. മതബോധനന കമ്മീഷനും മിഷൻ ലീഗും സംയുക്തമായി ചിട്ടപ്പെടുത്തിയിരിക്കുന്ന സൂവാറ കലണ്ടർ പ്രാവർത്തികമാക്കുക. പരിശുദ്ധ അമ്മയുടെ അമലോൽഭവം (ഡിസംബർ 8), മൈലാപ്പൂരിലെ അത്ഭുത സ്ലീവാ (ഡിസംബർ 18), നമ്മുടെ കർത്താവിൻറെ പിറവി (ഡിസംബർ 25), കുഞ്ഞിപ്പൈതങ്ങൾ (ഡിസംബർ 28),മറിയത്തിന്റെ മാതൃത്വം (ഡിസംബർ 30), നമ്മുടെ കർത്താവിൻറെ നാമകരണം (ജനുവരി 1), വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ (ജനുവരി 3), എന്നീ തിരുനാളുകൾ നമ്മുടെ സാഹചര്യത്തിന് അനുസൃതമായി അർത്ഥവത്തായും ലളിതമായും വിശ്വാസ ജീവിത പരിപോഷണത്തിന് സഹായകമായും ആഘോഷിക്കാൻ നമ്മുടെ കർത്താവായ ഈശോ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സംസർഗ്ഗവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും എപ്പോഴും എന്നേക്കും, ആമ്മേൻ.

മിശിഹായിൽ സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്

+ Joseph Srampickal

മാർ ജോസഫ് സ്രാമ്പിക്കൽ

ഗ്രേറ്റ് ബ്രിട്ടൺ സീറോ മലബാർ രൂപതാ മെത്രാൻ

---

NB: ഗ്രേറ്റ് ബ്രിട്ടണിൽ സീറോ മലബാർ കുർബാന അർപ്പിക്കപ്പെടുന്ന എല്ലാ സമൂഹങ്ങളിലും 2022 ഡിസംബർ 19 ന് മുമ്പായി ഈ ഇടയലേഖനം വായിക്കേണ്ടതാണ്.